LIBRARY ARCHIVES Kerala Legislative Assembly

കുന്നംകുളം താലൂക്കിൽ മിച്ചഭൂമി പട്ടയത്തിന് ചിറമനങ്ങാട് വില്ലേജിൽ 209 അപേക്ഷകളും, LA പട്ടയത്തിന് 32 അപേക്ഷകളും ലഭ്യമായിട്ടുള്ളതാണ്. LA പട്ടയത്തിന്റെ വില്ലേജ് തിരിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

വെള്ളാറ്റഞ്ഞൂർ - 9, കരിക്കാട് -10, വേലൂർ - 1, ചിറനെല്ലൂർ -1, നെല്ലുവായ് - 4, കടങ്ങോട് - 7.

(ബി) 2016-2021 കാലയളവിൽ കുന്നംകുളം താലൂക്കിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു എന്ന വിവരം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കുന്നംകുളം താലൂക്ക് രൂപീകൃതമായ 2018 മാർച്ച് 31 മുതൽ 1964 ലെ ചട്ടങ്ങൾ പ്രകാരം 12 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. വില്ലേജ് തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

വെള്ളാറ്റഞ്ഞൂർ - 6, ചെമ്മന്തിട്ട - 1, പെരുമ്പിലാവ് - 4, വേലൂർ - 1.

1995-ലെ ഭൂമി പതിവ് ചട്ടപ്രകാരം 49 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വില്ലേജ് തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

കുന്നംകുളം - 39, ചൊവ്വന്നൂർ -10.

(സി) പട്ടയം ലഭിക്കേണ്ടവരുടെ അപേക്ഷകളിൽ കാലതാമസം കൂടാതെ പട്ടയം ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സമയബന്ധിതമായ നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിനുകീഴിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് പട്ടയം അനുവദിക്കുന്നത്. സർക്കാർ ഭൂമി പതിച്ചു നൽകുന്നതിന് ഭൂമി പതിവ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പട്ടയ അപേക്ഷകളിൽ കാലതാമസമില്ലാതെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പട്ടയ അപേക്ഷകളിൽ നിയമാനുസൃതമായിട്ടുള്ളവയിൽ ഭൂമി പതിവ് നിയമപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് അർഹരായവർക്ക് എത്രയും വേഗം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടയം ലഭിക്കുന്നതിന് അപേക്ഷകൾ

299(4309) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് പേരും മേൽവിലാസവും സഹിതം വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കാട്ടാക്കട നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ പട്ടയം ലഭിയ്ക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നം.	വില്ലേജ്	പട്ടയത്തിനുള്ള അപേക്ഷകരുടെ എണ്ണം
1.	കുളത്തുമ്മൽ	51
2.	വിളപ്പിൽ	61
3.	വിളവൂർക്കൽ	24
4.	മലയിൻകീഴ്	33
5.	മാറനല്ലൂർ	71
6.	ആകെ	240

പേരും മേൽ വിലാസവും വില്ലേജ് തിരിച്ച് അനുബന്ധമായി സമർപ്പിക്കുന്നു.*

നേര്യമംഗലം എസ്.എൻ.ഡി.പി യോഗത്തിന്റെ കൈവശമുള്ള സ്ഥലം

300(4310) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലം വില്ലേജിൽ സർവ്വെ നമ്പർ 1329/3, 1393/2, 1130/1 എന്നീ നമ്പറുകളിൽപെട്ട 25 സെന്റ് സ്ഥലം നേര്യമംഗലം എസ്.എൻ.ഡി.പി യോഗത്തിന്റെ കൈവശം ഇരിക്കുന്നതാണെന്നും ആയത് പതിച്ച് കിട്ടണമെന്നും ആവശ്യപ്പെട്ട് എസ്.എൻ.ഡി.പി നേര്യമംഗലം പ്രസിഡന്റ് നല്കിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എറണാകുളം കളക്ടറേറ്റിൽ നിന്നും DCEEKM/4330/2020 - L2 എന്ന നമ്പറിൽ ഉള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

SNDP ശാഖ സെക്രട്ടറി എറണാകുളം കളക്ടറേറ്റിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനമെടുത്ത് അപേക്ഷകനെ അറിയിക്കുവാൻ 21-4-2021-ലെ 52/എ 3/2020/റവ നമ്പർ സർക്കാർ കത്ത് പ്രകാരം ജില്ലാ കളക്ടറോട് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ എറണാകുളം ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.